LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ

281 (1755) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കട്ടനാട് നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

കട്ടനാട് നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

കുടുംബശ്രീയുടെ പുനർജനി പദ്ധതി

282 (1756) ശ്രീ. ബി. സത്യൻ :

ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പുനർജനി പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകുന്നതിന് ഏതൊക്കെ ഏജൻസികളുമായാണ് കരാറൊപ്പിട്ടത്;

(സി) പ്രസ്തുത ഏജൻസികൾ പരിശീലന പരിപാടി പൂർത്തിയാക്കിയവർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ ചെലവഴിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം അവലോകനം ചെയ്യാറുണ്ട്.

(ബി) ഇഷാ ലേണിംഗ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, എസ്.ബി. ഗ്ലോബൽ എഡ്യൂക്കേഷണൽ റിസോഴ്സസ് പ്രൈവറ്റ് ലിമിറ്റഡ്, ശ്രീരാമകൃഷ്ണാ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ ഏജൻസികളുമായാണ് കരാർ ഒപ്പിട്ടിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെയായി 1,03,63,485 രൂപ (ഒരു കോടി മൂന്ന് ലക്ഷത്തി അറുപത്തിമൂവായിരത്തി നാനൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ ശാക്തീകരണം

283 (1757) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ കൂട്ടായ്മയെ ശാക്തീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

ഉദ്ദേശ്യലക്ഷ്യങ്ങൾ

1. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly